(7) പെരിയാറിന് കുറുകെ തട്ടേക്കാട് കടവിൽ പാലത്തിന്റെ നിർമ്മാണം

ശ്രീ. എ. കെ. മണി: പെരിയാറിന് കുറുകെ തട്ടേക്കാട് കടവിൽ പാലം പണി തുടങ്ങിയിട്ട് അഞ്ച് വർഷമായി. ഇതുവരെ പാലം പണി പൂർത്തിയാകാതിരിക്കുകയാണ്. ജനങ്ങൾക്ക് ഗതാഗത സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. പാലം പണി തീർത്ത് വേണ്ട സൗകര്യമുണ്ടാക്കി തരുവാൻ ഗവൺമെന്റിനോട് അപേക്ഷിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ദേവികുളം നിയോജകമണ്ഡലത്തിലെ തട്ടേക്കാട് കടവ് പാലം നിർമ്മിക്കുന്നതിനുള്ള ചുമതല ഭഗീരഥ എൻജിനീയറിംഗ് എന്റർപ്രൈസസിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പാലത്തിന്റെ ആകെയുള്ള 11 സ്പാനുകളിൽ 6 എണ്ണത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. 7-ാമത്തെ സ്പാനിന്റെ പണി നടന്നുവരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് നിർമ്മാണ ജോലികൾ മന്ദഗതിയിലായത്. കുടിശ്ശിക തുക 2004, ഫെബ്രുവരി 15-ാം തീയതിയോടുകൂടി നൽകി പാലത്തിന്റെ ശേഷിക്കുന്ന പണികൾ നിശ്ചിത സമയത്തിനുള്ളിൽ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

VII മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി: സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

(1) ജി. ഒ (എം.എസ്.) നം. 284/03/ഹോം തീയതി 22-12-2003
(എസ്.ആർ.ഒ. നമ്പർ 1209/03)

(2) ജി. ഒ (എം.എസ്.) നം. 22/2004/ഹോം തീയതി 2-1-2004.
(എസ്.ആർ.ഒ. നമ്പർ 38/2004)

II. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ 2002-2003-ലെ വാർഷിക റിപ്പോർട്ട്.

III. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

(1) ജി. ഒ. (ആർ. ടി.) നം. 492/03/ട്രാൻ. തീയതി 23-12-2003
(എസ്.ആർ.ഒ. നമ്പർ 1180/03)

LIBRARY ARCHIVES Kerala Legislative Assembly

(2) ജി. ഒ. (ആർ. ടി.) നം. 493/03/ട്രാൻ. തീയതി 23-12-2003
(എസ്.ആർ.ഒ. നമ്പർ 1181/03)

(3) ജി. ഒ. (ആർ. ടി.) നം. 495/03/ട്രാൻ. തീയതി 27-12-2003
(എസ്.ആർ.ഒ. നമ്പർ 1206/03)

(4) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ 2001-02-ലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

(5) കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2001-02-ലെ വാർഷിക കണക്കുകൾ കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

(6) കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2002-03-ലെ വാർഷിക റിപ്പോർട്ട്.

IV. കൃഷിയും കയറും വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിന്റെ 2000-2001-ലെ വാർഷിക റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

V ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

ജി. ഒ. പി. നമ്പർ 2/2004/ഭ.സി.സവ. തീയതി 8-1-2004
(എസ്.ആർ.ഒ. നമ്പർ 22/2004)

VI. മരാമത്തു വകുപ്പുമന്ത്രി ശ്രീ. എം. കെ. മുനീർ: സർ, ഞാൻ വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

(1) ജി. ഒ. (പി) നം. 67/03/എസ്.ഡബ്ല്യു.ഡി. തീയതി 13-11-2003
(എസ്.ആർ.ഒ. നമ്പർ 1125/03)

(2) ജി. ഒ. (ആർ. ടി.) നം. 1/04/ഐ.ഡി. തീയതി 1-1-04
(എസ്.ആർ.ഒ. നമ്പർ 19/04)

(3) ട്രിവാൻഡ്രം സ്പിന്നിംഗ്മിൽസ് ലിമിറ്റഡിന്റെ 2000-01, 2001-02 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും കണക്കുകളും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly